# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂവാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP1/951/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP1/951/2022 തീയ്യതി: 29/06/2022

## തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 30-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 30-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സിന്ധുലാ ബീവി എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി. ആശ ജി.ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ബിന്ദുലത ബി.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജു എസ്., ഓഡിറ്റർ
ശ്രീമതി. പ്രിയദർശിനി എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അജിതകുമാരി | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് സമിതി | പ്രസിഡന്റ് | 11-11-2020 | 20-12-2020 |
| ജെ ലോറൻസ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| വി.ജി. ഗോപകുമാർ | സെക്രട്ടറി | 01-04-2020 | 20-03-2021 |
| രാജേഷ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. രമ്യ സുധീർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 24-01-2021 |
| ഗ്രീഷ്മ എ.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 25-01-2021 | 09-02-2021 |
| സുരേഷ് കുമാർ ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 10-02-2021 | 31-03-2021 |
| ശ്രീ. ജനിഫർ നിക്സൺ എസ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സിന്ധു എം.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സോജ അഗസ്റ്റിൻ | വെറ്റിനറി സർജൻ | 01-04-2020 | 08-02-2021 |
| ഡോ. ഷിബിൻ ജെ.എസ്. | വെറ്റിനറി സർജൻ | 09-02-2021 | 24-02-2021 |
| ഡോ. മിനി എസ് | വെറ്റിനറി സർജൻ | 25-02-2021 | 31-03-2021 |
| ശ്രീമതി. ശ്രീല ബി.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 12-08-2020 |
| ശ്രീമതി. അനുബാല റ്റി.ഒ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13-08-2020 | 11-11-2020 |
| ശ്രീമതി. സോണിയ വി.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-11-2020 | 31-03-2021 |
| ഡോ. ഫെമിന കെ.എം. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ജവഹർ ഐ.എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2020 | 17-02-2021 |
| ഡോ. മിനി | മെഡിക്കൽ ഓഫീസർ, | 18-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| | സി.എച്ച്.സി. | | |
| ശ്രീമതി. സ്മിത ഗോപാൽ | ഫിഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശിവാംബിക | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 24-06-2020 |
| ശ്രീ. പ്രസന്നകുമാർ പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 25-06-2020 | 31-03-2021 |
| ശ്രീമതി. സെലീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (B സർക്കിൾ) | 01-04-2020 | 20-01-2021 |
| ശ്രീ. ദീപു ബി.എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (A സർക്കിൾ) | 01-04-2020 | 04-11-2020 |
| ശ്രീമതി. ശരണ്യ ദേവൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (A &Bസർക്കിൾ) | 21-01-2021 | 10-02-2021 |
| ശ്രീമതി. ചിഞ്ചു എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (A &Bസർക്കിൾ) | 10-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-2 |
| 3 | ഗ്രാന്റ് യൂട്ടിലൈസേഷൻ<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Priyadarshini.S.R (Auditor, On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി വരവ്,ചെലവ് വിവരം.<br>Written By: Sindhulabeevi.M (Audit Officer (HG), On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-8 |
| 9 | 2020-21 സാമ്പത്തിക വർഷത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ് .പ്രവർത്തന അവലോകനം.<br>Written By: Raju. S (Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sindhulabeevi.M (Audit Officer (HG), On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1 -10 |
| 11 | തെരുവുവിളക്ക് പരിപാലനം-നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 28-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-11 |
| 12 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല- 647096 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sindhulabeevi.M (Audit Officer (HG), On 28-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-12 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റുകൾ സമയബന്ധിതമായി നൽകിയിട്ടില്ല.<br>Written By: Raju. S (Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-13 |
| 14 | പ്രത്യേക കന്നുകുട്ടി പരിപാലനം -മുഴുവൻ തുകയ്ക്കും വിനിയോഗസാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല - 17817 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Raju. S (Auditor, On 31-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-14 |
| 15 | സുഭിക്ഷകേരളംപദ്ധതി-വകുപ്പിൽ നിന്നും തുക ലഭിച്ചിട്ടില്ല.<br>Written By: Sindhulabeevi.M (Audit Officer (HG), On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-15 |
| 16 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. 212400/-രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |

| | | |
|---|---|---|
| | Written By: Raju. S (Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. 100000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-17 |
| 18 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Asha G R (Senior Grade Auditor, On 28-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-18 |
| 19 | ഇ.എം.ഡി, പെർഫോർമൻസ് ഗ്യാരന്റി എന്നിവ ലഭ്യമായതിന്റെ വിവരങ്ങളില്ല<br>Written By: Asha G R (Senior Grade Auditor, On 28-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 28-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-20 |
| 21 | കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ നൽകിയ തുകയും ടി.ഡി.എസ് (ജി എസ് ടി ) ഈടാക്കുന്നു.<br>Written By: Asha G R (Senior Grade Auditor, On 28-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-21 |
| 22 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്യില്ല- 36787/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 28-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-22 |
| 23 | ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ മരാമത്ത് പ്രോജക്ടുകൾ - ചെലവുരേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Asha G R (Senior Grade Auditor, On 28-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-23 |
| 24 | ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-24 |
| 25 | മരണശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്ഷേമപെൻഷൻ തുക നിക്ഷേപിച്ചു കൊണ്ടിരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-25 |
| 26 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-26 |
| 27 | ഇ ടെണ്ടർ ഫോറവില പഞ്ചായത്തിന് ലഭ്യമായിട്ടില്ല<br>Written By: Asha G R (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-27 |
| 28 | റോഡ് കട്ടിംഗ് -റോഡ് കോൺക്രീറ്റിംഗ് പൊളിഞ്ഞ അവസ്ഥയിൽ -ചാർജിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തുക ലഭ്യമായിട്ടില്ല<br>Written By: Asha G R (Senior Grade Auditor, On 02-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-28 |
| 29 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല.<br>Written By: Priyadarshini.S.R (Auditor, On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-29 |

| | | |
|---|---|---|
| 30 | വസ്തു നികുതി - അപാകതകൾ<br>Written By: Priyadarshini.S.R (Auditor, On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-30 |
| 31 | 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല<br>Written By: Priyadarshini.S.R (Auditor, On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-30-1 |
| 32 | നികുതി നിർണ്ണയം നടത്താതെ വസ്തുനികുതി പിരിച്ചെടുത്തു.<br>Written By: Priyadarshini.S.R (Auditor, On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-30-2 |
| 33 | ലേലം - അപാകതകൾ<br>Written By: Priyadarshini.S.R (Auditor, On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-31 |
| 34 | അനധികൃത കെട്ടിടങ്ങളുടെ എണ്ണം പെരുകുന്നു<br>Written By: Priyadarshini.S.R (Auditor, On 02-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-32 |
| 35 | നികുതി ഇളവ്- വിമുക്തഭടൻമാർ -സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.<br>Written By: Priyadarshini.S.R (Auditor, On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: BINDHULATHA BP (Senior Grade Auditor, On 02-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: BINDHULATHA BP (Senior Grade Auditor, On 04-06-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 01-06-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 17.03.2020 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരുപ്പ് 8071696/-, വരവ് 192808000/-, ചെലവ് 192027000/-, ബജറ്റ് നീക്കിയിരുപ്പ് 8852696/-. ബജറ്റ് തയ്യാറാക്കിയതിലെ / ചെലവുകൾ നിയന്ത്രിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2020-21 ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2020-21 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2101003 ബോണസ് | 30000 | 32000 |
| 2105001 എംപ്ലോയേഴ്സ് പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 0 | 107089 |
| 2201101 ഓഫീസ് ചെലവുകൾ | 100000 | 144295 |
| 2207101 അസാധാരണ ചെലവുകൾ | 400000 | 446756 |
| 2305008 റിപ്പയർസ്& മെയിന്റനൻസ് | 0 | 5000 |
| 2305009 റിപ്പയർസ്& മെയിന്റനൻസ് - മൂവബിൾ അസറ്റ്സ് | 100000 | 201302 |
| 230509901 റിപ്പയർസ്& മെയിന്റനൻസ്- ഫിക്സഡ് അസറ്റ്സ് | 70000 | 293126 |

| | | |
|---|---|---|
| 2308001 മറ്റ് നടത്തിപ്പ്-മെയിന്റനൻസ് ചെലവുകൾ | 500000 | 3203999 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല.

2) സ.ഉ.(സാധാ) നം.3291/2016 തസ്വഭവ തീയതി 02.12.2016ൽ നിർദ്ദേശിച്ച പ്രകാരം ബജറ്റ് നിയന്ത്രണത്തിനോ, പ്രതിമാസ ബജറ്റ് വിലയിരുത്തലിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണസമിതി തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. ബജറ്റ് റിവൈസ് ചെയ്ത് ഭരണസമിതി അംഗീകാരം നേടിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/25.05.2022) വരും വർഷങ്ങളിൽ ചെലവുകൾ ബജറ്റ് വകയിരുത്തുന്നതിലധികമാകാതെ ശ്രദ്ധിക്കുന്നതാണെന്നും, ബജറ്റ് നിയന്ത്രണം കർശനമായി പാലിക്കുന്നതാണെന്നും മറുപടി നൽകി. ബജറ്റ് തയ്യാറാക്കുമ്പോൾ ചെലവുകൾക്ക് ആവശ്യത്തിനു തുക വകയിരുത്തുന്നതിനും, ബജറ്റ് നിയന്ത്രണത്തിനും ശ്രദ്ധിക്കേണ്ടതും, ബജറ്റിൽ വകയിരുത്താതെ ചെലവുകൾ ചെയ്യുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.7.2021 | 27.07.2021 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

3. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2021 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

5. ഇ.എം.എസ്. വായ്പാ തിരിച്ചടവ് വാർഷിക കണക്കുകളും ലോൺ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. ലോൺ രജിസ്റ്റർ പ്രകാരം മെയ് 2016ൽ ഇ.എം.എസ്. വായ്പ ക്ലോസ് ചെയ്തിട്ടുണ്ട്. വാർഷിക കണക്കുകളിൽ 31.03.2021 ൽ 2,11,515/- രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു

6. വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ വാർഷിക കണക്കുകളും, രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി

ലൈസൻസ് ഫീ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്കുകൾ പ്രകാരം (തൻവർഷം) | 131100 | 98100+<br>13000(അഡ്വാൻസ്) | 20000 |
| രജിസ്റ്റർ പ്രകാരം | 111100 | 98100+13000 | 0 |

തൊഴിൽ നികുതി (ട്രേഡേഴ്സ്/ ഇൻസ്റ്റിറ്റ്യൂഷൻസ്) ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളും ഇപ്രകാരം

പൊരുത്തപ്പെടുന്നില്ല.

7. 460509901 Advance To Others ഹെഡിലെ മുന്നിരുപ്പ്, വരവ്, ചെലവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ എം.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിന്റെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

| | മുന്നിരുപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരം | 947416 | 1655287 | 1473054 | 765183 |
| വാർഷിക കണക്കുകൾ പ്രകാരം | 947416 | 1600887 | 534289 | 1004647 |

8. എം.എൻ.ആർ.ഇ.ജി.എസ് പെർഫോമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം 20-21 ആകെ ചെലവ് 36561464/- രൂപയാണ് വാർഷിക കണക്കുകൾ ഐ 14(എ) പ്രകാരം ഇത് 36574592/- ആണ്.

9. ആർ പി 40(ബി) 450250201 ട്രഷറി അക്കൗണ്ട് കോവിഡ് അക്കൗണ്ടിലെ വർഷാന്ത്യ നീക്കിയിരുപ്പ് 8377/- രൂപയാണ്. നീക്കിയിരുപ്പ് വിശദാംശം പരിശോധിക്കുന്നതിനായി ടി അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല.

10. വിവിധ ചെലവുകൾക്കായി അനുവദിച്ചതിൽ മാറാത്ത, 3 മാസം കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ബുക്ക് ചെയ്തിട്ടില്ല.

11. ആർ പി 41/ബി12 – 420500101 ഇൻവെസ്റ്റ്മെന്റ്സ്-ഇക്വിറ്റി ഷെയേഴ്സ് ഹെഡിൽ 2,88,000/- രൂപ ചെലവ് രേഖപ്പെടുത്തി ബാലൻസ് ഷീറ്റിൽ ആസ്തിയായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഷെയർ ഡോക്യുമെന്റ്, ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

12. കാനറാ തനതു അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച 1,35,751/- രൂപ 171100101ഹെഡിൽ ഉൾപ്പെടുത്താതെ 180800199 ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

13. വാർഷിക കണക്കുകൾ പ്രകാരം 110200102 തൊഴിൽ നികുതി- ജീവനക്കാർ ഹെഡിലെ ഡിമാന്റ് 1679750/-, രൂപയും വരവ് 1645750/- രൂപയും, ബാലൻസ് 0 യും ആണ്. രജിസ്റ്റർ പ്രകാരം ഡിമാന്റ്/കളക്ഷൻ 1645750/- രൂപയാണ്.

14. വസ്തുനികുതി ടാക്സ് സഞ്ചയ ഡി.സി.ബി. വിവരങ്ങളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി (തൻ വർഷം)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | 2696134 | 1914160 | 742337 |
| വാർഷിക കണക്കുകൾ പ്രകാരം | 2558079 | 1841201 | 737383 |

വസ്തുനികുതി (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | 1165337 | 206986 | 962209 |
| വാർഷിക കണക്കുകൾ പ്രകാരം | 1305728 | 253456 | 875673 |

15. വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്കുള്ള ചെലവിനത്തിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 44796/- രൂപ കുറവു ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവിലേക്ക് പദ്ധതി ഉൾക്കൊള്ളിച്ചിട്ടില്ല.

16. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.( വരവ് 137373579/- ചെലവ് 138816411/-).

17. വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയില്ല. ബി14 – Stock In Hand (Inventories) മൂല്യം 8547/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുൻ വർഷ കണക്കുകളിലും പ്രസ്തുത തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

18. ഇ-ടെണ്ടറിൽ നിന്നുള്ള ഫാറവിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു ലഭിക്കാനുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

19. വസ്തു നികുതി ഡിമാന്റ് സഞ്ചയ ഡിമാന്റുമായി പൊരുത്തപ്പെടുത്തുന്നതിലേക്കായി I18 – 280100104 പ്രയർ പിരീഡ് ഇൻകം - പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ ബിൽഡിംഗ് ഹെഡിൽ 255967/- രൂപ കുറവു ചെയ്യു.
മേൽ അപാകങ്ങൾ പരിഹരിച്ച് ക്രമപ്പെടുത്തി വരും വർഷത്തെ പത്രിക തയ്യാറാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | ലാപ്സായ തുക/ നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10346961 | 10346961 | 12040609 | - | 1693648 | 116% |
| വികസനഫണ്ട് എസ്.സി.പി. | 0 | 5989255 | 5989255 | 5650520 | - | 338735 | 94% |
| സി.എഫ്.സി. ടൈഡ് | 0 | 5820000 | 5820000 | 2184293 | - | 3635707 | 38% |
| സി.എഫ്.സി. അൺടൈഡ് | 0 | 11604975 | 11604975 | 5645094 | - | 5959891 | 49% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11455000 | 11455000 | 10448833 | - | 1006167 | 91% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4384204 | 4384204 | 3240123 | - | 1144081 | 74% |

* വികസന ഫണ്ട് (പൊതുവിഭാഗം), വികസനഫണ്ട് എസ്.സി.പി. എന്നിവയുടെ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തിയിരിക്കുന്നു. വികസനഫണ്ട് അലോട്ട്മെന്റ് ആയി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തുക പൂർണ്ണമായും എ.സി.ആർ ൽ ഉൾപ്പെടുത്തുന്നില്ല. ലൈഫ് വായ്പ, മറ്റ് കുടിശ്ശികകൾ എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക കുറച്ചശേഷമുള്ള അറ്റതുകയാണ് അലോട്ട്മെന്റായി ബുക്ക് ചെയ്തിട്ടുള്ളത്. സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവായി ഉൾപ്പെടുത്തുന്നുണ്ട്. ആയതിനാൽ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തപ്പെടുന്നു.

** ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവുകൾ സർക്കാർ ഉത്തരവുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവു പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

എ) വരവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|

| | | |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 10346961 | 13271000 |
| വികസനഫണ്ട് (എസ്.സി.പി) | 5989255 | 6238000 |
| മെയിന്റനൻസ് റോഡിതരം | 4384204 | 4429000 |

ബി) ചെലവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ, വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 12040609 | 9554570 |
| വികസനഫണ്ട് (എസ്.സി.പി) | 5650520 | 5401775 |

*** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-3-1 സംയുക്ത പ്രോജക്കുകൾ-ഫണ്ട് വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്കുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്കുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുകയാണ്. വിശദാംശം ചുവടെ.

| ഫണ്ടിനം | 31.03.2021 ലെ നീക്കിയിരുപ്പ് |
|---|---|
| 320700204 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 348300 |
| 320700205 ജില്ലാ പഞ്ചായത്ത് വിഹിതം | 143384 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 6 ന് മേൽ തുകകൾ ലൈഫ് ഭവന പദ്ധതിക്കായി ലഭിച്ചതാണെന്നും, ബ്ലോക്ക് വിഹിതം തുകയിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ 2,40,000/- രൂപ ചെലവു ചെയ്തതായും മറുപടി നൽകി. സംയുക്ത പദ്ധതിക്കായി ലഭിക്കുന്ന തുകകൾ മേൽ ഉത്തരവുകൾ പാലിച്ച് നേരിട്ട് ഗുണഭോക്താക്കൾക്കാണ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഇപ്രകാരം തുക സൂക്ഷിക്കാവുന്നതല്ല. നീക്കിയിരുപ്പ് തുക സർക്കാരിലേക്ക് ബന്ധപ്പെട്ട ഹെഡിൽ ഒടുക്കേണ്ടതാണ്.

1-3-2 സർക്കാർ/ഇതര ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

| ഫണ്ടിനം | 31.03.2021 ലെ നീക്കിയിരുപ്പ് | കുറിപ്പ് |
|---|---|---|
| 320300199 ഗ്രാന്റ്സ്/ ഫണ്ട്സ് /കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ്- ഒതർ ഗവ. ഏജൻസീസ് | 1375910 | 12,50,000/- രൂപ ബഡ്സ് സ്കൂൾ നായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭ്യമായത് |

| | | |
|---|---|---|
| 320400101 ഗ്രാന്റ്സ്/ ഫണ്ട്സ് /കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ്- നബാർഡ് അസിസ്റ്റൻസ് | 660000 | അംഗൻവാടി നിർമ്മാണത്തിനായി നബാർഡ് - ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം ലഭ്യമായത്. |

തുകകൾ ചെലവഴിക്കാത്തതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6) കോവിഡ് സാഹചര്യത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനം തടസ്സപ്പെട്ടതിനാൽ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച തുക വിനിയോഗിക്കാനായില്ലായെന്നും, അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ അംഗൻവാടി നിർമ്മിച്ചില്ലായെന്നും മറുപടി നൽകി. വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായിട്ടുള്ള തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ക്രമമല്ല. ലഭ്യമായ ഫണ്ട് നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട ഏജൻസികൾക്ക തിരികെ ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതിച്ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 219 | 126222647 | 148 | 44659595 | 68 |

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (വാർഷിക കണക്കുകൾ പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77880 | 113 |
| കർഷകതൊഴിലാളി പെൻഷൻ | 5236800 | 346 |
| വിധവ പെൻഷൻ | 11754800 | 796 |
| വാർദ്ധക്യകാലപെൻഷൻ | 18084600 | 1404 |
| വികലാംഗപെൻഷൻ | 4882000 | 327 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 306200 | 21 |

| | | |
|---|---|---|
| വിവാഹധനസഹായം | 210000 | 7 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-05-2022 തീയതിയിൽ 3.45 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9601/-രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് വിഭജനം തൃപ്തികരമെങ്കിലും രജിസ്റ്ററുകളുടെ പരിപാലനം, വാർഷിക ധനകാര്യപത്രിക, ബജറ്റ് എന്നിവയുടെ തയ്യാറാക്കൽ കമ്മിറ്റികൾ, യഥാസമയം യോഗം ചേരൽ എന്നിവയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. നികുതി, ഫീസിനങ്ങൾ എന്നിവയുടെ ശേഖരണത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. കൂടുതൽ ശ്രദ്ധ ആവശ്യമായ മേഖലകൾ താഴെ പറയുന്നു.

1. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾസ്വീകരിക്കേണ്ടതാണ്.
2. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാസ്ഥാപനങ്ങൾക്കും സ്ഥാപന നികുതി ,ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതായി ഉറപ്പാക്കേണ്ടതാണ്.
3. റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. പദ്ധതികളിലെ അടങ്കൽ തുകയിൽ വകയിരുത്തിയ തുക വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല(ഫിഷറീസ്,ക്ഷീരം)
5. റോഡ് പ്രവർത്തികൾ ഒട്ടുമിക്കവയും പൊളിഞ്ഞ നിലയിലാണ്. ജലനിധി പദ്ധതി പ്രകാരം വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ കണക്ഷനുവേണ്ടി പൊളിച്ചതിനുശേഷം റിസ്റ്റോറേഷൻ ചെയ്യാത്തതാണ് .റിസ്റ്റോറേഷൻ ചാർജ്ജ് വാട്ടർ അതോറിറ്റിയിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. ബില്ലുകളിൽ നിന്നും ഈടാക്കുന്ന ജി.എസ്.ടി,ടി.ഡി.എസ്,എന്നിവ അടയ്ക്കുന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി വരവ്,ചെലവ് വിവരം.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5378 | 1664374 | 1669752 | 1655308 | 14444 |
| 100 ദിവസം പൂർത്തിയാക്കിയ തൊഴിലാളികൾക്കുള്ള ഇൻസന്റീവ് | | 160000 | 160000 | 160000 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 34919284 | 34919284 | 34919284 | |

## 1-9 2020-21 സാമ്പത്തിക വർഷത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ് .പ്രവർത്തന അവലോകനം.

എം.ജി.എൻ.ആർ.ഇ.ജി.എസ് .മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും വരവ് ചെലവുകളുടെ വിവരം അസി.എൻജിനിയർ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

1.2020- 21-ൽ വിഭാവനം ചെയ്ത പദ്ധതികൾ -448

2.2020- 21-ൽ വിഭാവനം ചെയ്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ -446

3.2020- 21-ൽ വിതരണം ചെയ്ത തൊഴിൽ കാർഡുകൾ -3663

4.2020- 21-ൽ സൃഷ്ടിച്ച തൊഴിൽ തൊഴിൽ ദിനങ്ങൾ എത്ര-101498

| സ്ത്രീ. | പുരുഷൻ | ആകെ |
|---|---|---|
| 4150 | 2219 | 6369 |

| പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|
| 1041 | 0 | 1041 |

6.2020- 21-ൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം-1929

7.2020- 21-ൽ 100തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം-348

8. തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത വിവരം- 0

9.2020- 21-ൽ പൂർത്തിയാക്കിയ സ്ഥിരആസ്തികളുടെവിവരം(രൂപയിൽ)-6719000

10.സോഷ്യൽ ആഡിറ്റ് നടത്തിയതിന്റെ വിവരം-നടത്തിയിട്ടില്ല.

11.പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്,ജല സംരക്ഷണം | 270 | 26458000 |
| 2 | വരൾച്ച തടയൽ,വനവൽക്കരണം. | 13 | 473000 |
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം. | 17 | 746000 |
| 4 | നടപ്പാത | 11 | 510000 |
| 5 | വ്യക്തിഗത ആസ്തികൾ | 135 | 6719000 |

12.തൊഴിലുറപ്പ് പദ്ധതി വരവ്,ചെലവ് വിവരം.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 34906000 | 34906000 | 34906000 | 0 |
| 100ദിനങ്ങൾ പൂർത്തിയായവർക്കുള്ള ബോണസ് | | 34800 | 34800 | 34800 | 0 |
| ആകെ | | 34800 | 34800 | 34800 | 0 |

13.2020-21വർഷത്തിൽ അഡ്വാൻസായി ലഭിച്ച തുക, തിരികെ നൽകിയതുക,ബാലൻസ് എന്നിവയുടെയും വിവരം ലഭ്യമാക്കേണ്ടതാണ്.

| അഡ്വാൻസായി ലഭിച്ച തുക | തിരികെ നൽകിയതുക | ബാലൻസ് |
|---|---|---|
| 1473054 | 7707871 | 765183 |

## 1 -10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/1/2122 മുതൽ 29/1/22 | 1/21മുതൽ7/21 വരെ | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.04.2014 | 2008-2013 | 19.05.2014 |

## 1-11 തെരുവുവിളക്ക് പരിപാലനം-നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ₹4,99,000/- രൂപയും ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി 3,26,960/രൂപയും2020-21 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ടുകളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) നാളിതുവരെ കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പോസ്റ്റുകളുടെ എണ്ണം,തെരുവ് വിളക്കുകളുടെ ഇനം എന്നിവ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.തെരുവു വിളക്ക് രജിസ്റ്റർ അപൂർണ്ണമാണ്.

2) 22.09.2015ലെ സ.ഉ(സാധാ)നം. 2878/15/തസ്വഭവ പ്രാകാരം ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവക്ക് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ സേവനം ഉപയോഗിക്കാൻ നിർദ്ദേശമുള്ളതാണ്.എന്നാൽ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പദ്ധതി മോണിറ്റിംഗ്_നടത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ അതേപടി അംഗീകരിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.ഏതിനം തെരുവു വിളക്കുകളാണ് മാറ്റി സ്ഥാപിക്കുന്നത് എന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിലും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. ഉപകരണങ്ങളുടെ ക്ഷമത സംബന്ധിച്ചും പരിശോധന നടത്തിയിട്ടില്ല.

3) രണ്ടര ലക്ഷത്തിൽ അധികരിച്ചവയ്ക്ക് നിയമാനുസൃതം ഈടാക്കേണ്ട ടി.ഡി.എസ്. കരാറുകാരിൽ നിന്നും പിടിച്ചിട്ടില്ല.

4)പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേടായ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾപരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, സർക്കുലറിൽ നിർദേശിച്ചിട്ടുള്ള മാദണ്ഡങ്ങൾ പാലിക്കാതെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗും നടത്തുന്നില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട മേൽ ഉത്തരവിലെയും സർക്കുലറിലെയും നിർദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. 22.09.2015ലെ സ.ഉ(സാധാ)നം. 2878/15/തസ്വഭവ പ്രാകാരം ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവക്ക് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ സേവനം ഉപയോഗിക്കാൻ നിർദ്ദേശമുള്ളതാണ്.എന്നാൽ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പദ്ധതി മോണിറ്റിംഗ് നടത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ അതേപടി അംഗീകരിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.ഏതിനം തെരുവു വിളക്കുകളാണ് മാറ്റി സ്ഥാപിക്കുന്നത് എന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിലും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. ഉപകരണങ്ങളുടെ ക്ഷമത സംബന്ധിച്ചും പരിശോധന നടത്തിയിട്ടില്ല.

## 1-12 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല- 647096 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ & പേര് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക (₹) |
|---|---|---|---|
| 1 | വിവിധവാർഡുകളിൽ പെപ്പ് ലൈൻനീട്ടൽ (155/21) | വാട്ടർ അതോറിറ്റി, | 5,66,000 |
| 2 | ഐ.കെ.എംവിഹിതം (24/21) | ഐ.കെ.എം | 81,096 |

| | | | |
|---|---|---|---|
| | ആകെ | | 6,47,096 |

വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 6,47,096/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റുകൾ സമയബന്ധിതമായി നൽകിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ(ചട്ടങ്ങൾ 9)പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും അനുബന്ധരേഖകളും ലഭിച്ച കഴിഞ്ഞാൽ ഗ്രാമപഞ്ചായത്ത് അന്നേ ദിവസം തന്നെ കൈപ്പറ്റ് രസീത് നൽകേണ്ടതും , നിയമാനുസൃമായ എല്ലാ രേഖകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ സൈറ്റ് പരിശോധനയും രേഖകളുടെ പരിശോധനയും ശേഷം അപാകതയുള്ള പക്ഷം ആയത് പത്ത് ദിവസത്തിനകം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും അല്ലാത്തപക്ഷം മുപ്പത് ദിവസത്തിനകം പെർമിറ്റ് നൽകേണ്ടതുമാണ്.2020-21- സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ എതാനും കെട്ടിടപെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ അപാകതകൾ ഇല്ലാത്ത പെർമിറ്റ് അപേക്ഷകൾക്ക് സമയബന്ധിതമായി പെർമിറ്റുകൾനൽകിയിട്ടില്ലായെന്നും,നിശ്ചിത ഫീസ് ഈടാക്കിയിട്ടില്ലായെന്നും കണ്ടെത്തി.ഉദാ.ചുവടെ ചേർക്കുന്നു.

| അപേക്ഷാ നമ്പരും ലഭിച്ച തിയതിയും | പെർമിറ്റ് നൽകിയ തിയതി |
|---|---|
| A3-2095/20 ,30-6-2020 | 18-8-2020 |
| A3-2116/20 ,1-7-2020 | 18-8-2020 |
| A3-2204/20 ,7-7-2020 | 18-8-2020 |
| A3-2394/20 ,18-8-2020 | 11-12-2020 |
| A3-2419/20 ,19-8-20 | 22-9-20 |
| A3-2507/20 ,25-8-20 | 23-11-20 |
| A3-2511/20 ,25-8-20 | 1-3-2021 |
| A3-2744/20 ,16-9-20 | 5-11-20 |
| A3-3300/20 ,2-11-20 | 3-3-21 |
| A3-3299/20 ,2-11-2020 | 3-3-21 |

പെർമിറ്റ് നൽകൽ -മറ്റ് അപാകങ്ങൾ.

A.പെർമിറ്റ് ഫീസ് ഈടാക്കാതെ പെർമിറ്റ് നൽകിയ ഫയലുകൾ

| |
|---|
| A3-2116/20 |
| A3-2197/20 |
| A3-2622/20 |
| A3-2696/20 |
| A3-1655/21 |

B.പെർമിറ്റ് അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ(ചട്ടങ്ങൾ 9)പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും അനുബന്ധരേഖകളും ലഭിച്ച കഴിഞ്ഞാൽ ഗ്രാമപഞ്ചായത്ത് അന്നേ ദിവസം തന്നെ കൈപ്പറ്റ് രസീത് നൽകേണ്ടതും, നിയമാനുസൃമായ എല്ലാ രേഖകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ സൈറ്റ് പരിശോധനയും രേഖകളുടെ പരിശോധനയും ശേഷം അപാകതയുള്ള പക്ഷം ആയത് പത്ത് ദിവസത്തിനകം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും അല്ലാത്തപക്ഷം മുപ്പത് ദിവസത്തിനകം പെർമിറ്റ് നൽകേണ്ടതുമാണ്.എന്നാൽ ചുവടെ വിവരിക്കുന്ന പെർമിറ്റിനായി ലഭിച്ച ഫയലുകളിൽ അപാകതയുള്ളതായി പെർമിറ്റ് അപേക്ഷാ രജിസ്റ്ററിൽ രേഖപ്പെടുത്തി പെർമിറ്റ് നൽകിയിട്ടില്ലായെന്ന് കണ്ടെത്തിയതിനെ തുടർന്ന് ചുവടെ വിവരിക്കുന്ന ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല.

| |
|---|
| A3-1591/20 |
| A3-1739/20 |
| A3-1862/20 |
| A3-2180/20 |
| A3-2263/20 |

| |
|---|
| A3-2283/20 |
| A3-2295/20 |
| A3-3085/20 |
| A3-3325/20 |
| A3-782/21 |
| A3-809/21 |
| A3-913/21 |

മേൽ വിവരിച്ച അപാകങ്ങൾക്ക് മറുപടിയും ഫയലുകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 28/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ട ഫയലുകളും മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-14 പ്രത്യേക കന്നുകുട്ടി പരിപാലനം -മുഴുവൻ തുകയ്ക്കും വിനിയോഗസാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല - 17817 രൂപ തടസ്സപ്പെടുത്തുന്നു

2020-21വർഷത്തിൽ നടപ്പിലാക്കിയ 113/20-21 -കന്നുകുട്ടിപരിപാലനം എന്ന പദ്ധതിയ്ക്കായി 500000/-രൂപ വകയിരുത്തുകയും പദ്ധതി നിർവഹണത്തിനായി 250000/-രൂപ Deputy Director S.L.B.P തിരുവനന്തപുരം എന്ന വിലാസത്തിൽ 25-11-20-ലെ 164നമ്പർ ബിൽ പ്രകാരം നിർവണോദ്യോഗസ്ഥയായ വെറ്റിനറി സർജൻ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 32/22 -ന് നൽകിയ മറുപടിയിൽ 232183/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നവെന്നും 17817/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചു. 17817/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. 17817/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 സുഭിക്ഷകേരളംപദ്ധതി-വകുപ്പിൽ നിന്നും തുക ലഭിച്ചിട്ടില്ല.

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണിത്. വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പുവരുത്തുക, ഉൾനാടൻ മത്സ്യ കൃഷി പ്രത്സാഹിപ്പിക്കുക എന്നിവയാണ് സംസ്ഥാന സർക്കാരിന്റെ മൽസ്യസമൃദ്ധി (മത്സ്യ) പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുള്ള വീട്ടുവളപ്പിൻ കുളത്തിലെ മത്സ്യകൃഷി പദ്ധതിയുടെ ലക്ഷ്യങ്ങൾ. വാട്ടർ പമ്പ്, വല, മത്സ്യവിത്ത്, മത്സ്യ തീറ്റ, പ്രോബയോട്ടിക് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 1000 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്. ഒരു വിളവെടുപ്പിൽ ഒരു ടൺ മത്സ്യോല്പാപാദനവും വർഷത്തിൽ രണ്ടു വിളവെടുപ്പും പദ്ധതി ലക്ഷ്യമിടുന്നു. യൂണിറ്റിന് 66600/- രൂപ നിരക്കിൽ 10 യൂണിറ്റിന് 66,66,000/- രൂപയാണ് വകയിരുത്തൽ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0238/21 |
| ഗുണഭോക്തൃവിഹിതം | 3,99,600/-രൂപ |
| സംസ്ഥാന വിഹിതം | 1,64,000/-രൂപ |
| തനത് ഫണ്ട് | 1,10,400/-രൂപ |
| ആകെ അടങ്കൽ | 6,66,000/-രൂപ |
| നിർവ്വഹണോദ്യോഗസ്ഥ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

തൻവർഷം ഒന്നാം ഘട്ടമായി 5 ഗുണഭോക്താക്കൾക്ക് പ്രവർത്തനച്ചെലവ് ഒഴികെയുള്ള ചെലവിന്റെ 40% സബ്സിഡിയായി 46480//-രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡിത്തുകയുടെ മൂന്നിൽ രണ്ടു വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിൽ ഒന്ന് ഫിഷറീസ് വകുപ്പും വഹിക്കണമെന്ന് സുഭിക്ഷ കേരളം സംബന്ധിച്ച തദ്ദേശ

സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 29.05.2020ലെ സ.ഉ (സാധാ)നം. 1009/2020 ൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മുഴുവൻ സബ്സിഡിയും തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്.

164000/രൂപ ഫിഷറീസ് വകുപ്പാണ് ചെലവഴിക്കേണ്ടത് ഫിഷറീസ് വകുപ്പിൽ നിന്ന് നൽകേണ്ട സബ്സിഡി 164000/ രൂപ അടങ്കൽ വച്ചിട്ടുണ്ടെങ്കിലും ഈ തുക ഫിഷറീസ് വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ല. തനത് ഫണ്ട് മാത്രം ചെലവാക്കി പ്രോജക്ട് നിർവഹിച്ചു. വകുപ്പിൽ നിന്നും ലഭിക്കേണ്ട തുക സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 ചെലവ് രേഖകൾ ഹാജരാക്കിയില്ല. 212400/-രൂപ തടസ്സപ്പെടുത്തുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ നിർഹണം നടത്തിയ138/21നമ്പർ പ്രോജക്ട് പ്രകാരം (ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക്)ധനകാര്യകമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് 212400/-രൂപ ചെവഴിച്ചു .പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ബില്ലുകളും,ഹരിത കർമ്മസേനാംഗങ്ങളായി ആരെയൊക്കെ തെരഞ്ഞെടുത്തുവെന്ന ലിസ്റ്റ് അടങ്ങിയ കമ്മിറ്റി തീരുമാനവും മറ്റ് ചെലവ് രേഖകളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 30/22- ന് മറുപടിയോ രേഖകളോ സമർപ്പിച്ചിട്ടില്ല.1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങൾ വകുപ്പ് 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകളോ,കണക്കുകളോ നിലവിലില്ല എന്ന നിഗമനത്തിൽ തുടർനടപടി സ്ഥീകരിക്കുന്നതായിരിക്കും.ആയതിനാൽ 138/21നമ്പർ പ്രോജക്ട് നടത്തിപ്പിനായി (ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക്)ധനകാര്യകമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് ചെലവഴിച്ച 212400/-രൂപ തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം അന്വേഷണകുറിപ്പ് വഴി ആവശ്യപ്പെട്ട മറുപടിയും രേഖകളും ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും അല്ലാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## 1-17 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. 100000/-രൂപ തടസ്സപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ നിർവഹണം നടത്തിയ115/21നമ്പർ മാലിന്യസംസ്കരണം- (മെഡിക്കൽ കോളേജിന് തുക കൈമാറുന്നത്)പദ്ധതി പ്രകാരം ധനകാര്യകമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് 100000/-ശുചിത്വമിഷൻ ജില്ലാ കോഡിനേറ്ററുടെ 99011400006581നമ്പർ അക്കൌണ്ടിലേക്ക് 5-10-2020-ലെ 121നമ്പർ ബില്ല് പ്രകാരം നൽകി ചെലവഴിച്ചു. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാത്തിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 30/22- ന് മറുപടിയോ, ആവശ്യപ്പെട്ട രേഖയോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 100000/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

മരാമത്ത് പ്രവർത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.

(എ) ടെണ്ടർ രജിസ്റ്റർ

കേരള പി.ഡബ്ല്യു.ഡി മാനവൽ സെക്ഷൻ 2009.1, കെ.എഫ്.സി വാല്യം IIലെ ഫോറം നം 15 ലെ (അനക്സർ 18) എന്നിവയിൽ പ്രതിപാദിക്കും പ്രകാരം ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. വിജയിയായ ടെണ്ടറുടെ വിശദാംശങ്ങൾ , ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം , പങ്കെടുത്ത ടെണ്ടററുടെ ഒപ്പ് തുടങ്ങിയ പ്രധാനപ്പെട്ട വിവരങ്ങളൊന്നും ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ബി) കാഷ് ബുക്ക്

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. അസിസ്റ്റന്റ് എഞ്ചിനീയർ , വരവു ചെലവുകൾ രേഖപ്പെടുത്തുന്ന ഒരു സാധാരണ ബുക്കാണ് ക്യാഷ് ബുക്കായി പരിപാലിച്ചിരിക്കുന്നത്. ഇത് TR.7.A മാതൃക പ്രകാരമുള്ളതല്ല . ജി ഒ (പി) നം 177/2006 ഫിൻ തീയതി 12.04.2006 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7എ മാതൃകയിൽ കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 8/24.05.2022)

## 1-19 ഇ.എം.ഡി, പെർഫോർമൻസ് ഗ്യാരന്റി എന്നിവ ലഭ്യമായതിന്റെ വിവരങ്ങളില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളിൽ കരാറുകാർ പണി പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത വ്യക്തികൾക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ ഇ.എം.ഡി, പെർഫോർമൻസ് ഗ്യാരന്റി (സേവിംഗ്സ് ഡെപ്പോസിറ്റ് രൂപത്തിൽ) എന്നിവ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിക്കുകയോ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. (നം 25/26.05.2022)

ഇ.എം.ഡി, സെക്യൂരിററി ഡെപ്പോസിറ്റ് എന്നിവ അടവാക്കാത്ത ഏതാനും പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | കരാറുകാരന്റെ പേര് (എഗ്രിമെന്റ് നം ) | അടങ്കൽ തുക (ജി.എസ്.ടി ഒഴികെ ) | എഗ്രീഡ് പി.എ.സി | നിരതദ്രവ്യം | അടവാക്കേണ്ട പെർഫോർമൻസ് സെക്യൂരിറ്റി |
|---|---|---|---|---|---|
| കുണ്ടമത്തിൻകുളം റോഡ് പുനരുദ്ധാരണം 148/20 | രഘു എസ് 13/AE/LSGD/ PVR/19-20 Dated 03.10.2019 | 355965 | 275160 | 20000(FD) | 50800 |
| വരവിള തോപ്പ് റോഡ് പുനരുദ്ധാരണം 149/21 | സൈമൺ റ്റി ജെ 10/AE/LSGD/ PVR/19-20 Dated 03.10.2019 | 443860 | 298274 | 24950 | 113772 |
| മുതുക്കുപ്ലാവിള ചാനൽക്കര റോഡ് പുനരുദ്ധാരണം 159/21 | വിജയൻ എസ് 02/AE/LSGD/ PVR/19-20 Dated 03.10.2019 | 200524 | 2,00,000 | 15000 | 48900 |

സ്റ്റോർ പർച്ചെയ്സ് മാനുവലിൽ നിർദ്ദേശിക്കും പ്രകാരം രേഖകൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഗ്രാമ പഞ്ചായത്ത് വിവിധ പദ്ധതികളിലൂടെ ആർജ്ജിച്ചതും ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയതുമായ എല്ലാ സ്ഥാവര ജംഗമ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് സർക്കാർ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.എല്ലാ ആസ്തികളും രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ഉദാ-14.01.2020 ലെ ഭരണസമിതി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

1. ബണ്ട് റോഡ് മുതൽ അടപ്പിനകം കളിക്കടവ് നടപ്പാത

2. ബണ്ട് റോഡ് മുതൽ പുത്തൻവീട് നടപ്പാത

3. കുന്നമല മുതൽ വരമ്പ് വരെ റോഡ്

4. തെട്ടിക്കാട് മുതൽ ബണ്ട് വരെ റോഡ്

തുടങ്ങിയ 22 റോഡുകൾ/നടപ്പാതകൾ

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/24.05.2022) റോഡുകൾ ആസ്തി

രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ (എൽ എസ് ജി ഡി ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ നൽകിയ തുകയ്ക്കും ടി.ഡി.എസ് (ജി എസ് ടി ) ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷനായി നൽകുന്ന തുകയ്ക്കും കൂടി ജി.എസ്.ടി/ ഉറവിടത്തിൽ കുറവ് ചെയ്യുന്നതായി (ടി ഡി എസ് ) കണ്ടെത്തി. സർക്കുലർ നം 18/2019 /ധന തിരുവനന്തപുരം തീയതി 01/03/2019 പ്രകാരം ജി.എസ്.ടി ഒഴിവാക്കിയ തുകയ്ക്കാണ് നികുതികൾ കുറവ് ചെയ്യേണ്ടിയിരുന്നത്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നം,പേര് - 82/20-21, കൊടിവിളാകം റോഡ്പുനരുദ്ധാരണം

അളവു പുസ്തകം നം - 291

ആകെ പ്രവർത്തി മൂല്യം - 357087/- രൂപ

ജി.എസ്.ടി കോമ്പൻസേഷൻ (12%) - 42850/- രൂപ

ആകെ - 399937/- രൂപ

ഇപ്രകാരം ജി.എസ്.ടി ഉൾപ്പെടുള്ള തുകയുടെ (399937/- രൂപ )1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായും(3959/-രൂപ)സി.ജി.എസ്.ടി, എസ്.ജി.എസ്.ടി എന്നിങ്ങനെ 1% വീതം3999x2= 7998/- രൂപയും കളക്ഷൻ ചാർജിനത്തിൽ 40/- രൂപയുംഈടാക്കിയിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 2/ 23.05.2022) ഇനി ചെയ്യുന്ന പ്രവർത്തികളിൽ കാൽകുലേഷൻ കൃത്യമായി ചെയ്ത് യഥാർത്ഥ തുക ഈടാക്കി കരാറുകാർക്ക് നൽകുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-22 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല- 36787/- രൂപ തടസ്സപ്പെടുത്തുന്നു.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

(എ) നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

| പ്രോജക്ട് നം , പേര് , എഗ്രിമെന്റ് നം. | അടങ്കൽ, എം ബുക്ക് | ചെലവ് | കൺവീനർ | നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ഒന്നാം നമ്പർ അംഗൻവാടിയ്ക്ക് സമീപമുള്ള പൊതു കിണർ മെയിന്റൻസ് 184/21 | 30000/- (ധനകാര്യ കമ്മിഷൻ അവാർഡ്) 19/20-21 | 22861 (ബിൽ നം 88/29.03.21) | രാജൻ എൻ | മൂല്യനിർണ്ണയം 23568 രൂപ (-)പിഴ 707 (-)IT1% 229 (-)KCWWF .99% 227 | മൂല്യനിർണ്ണയം 23568 (-)OH5% - 1178 ബാക്കി 22390 (-) പിഴ707 (-)IT1% -224 | 1168 |

| | | | | | | |
|---|---|---|---|---|---|---|
| 89/AE/LSGD/ PVR/19-20 Dated 20.03.20 | | | | (-)1%ofKCWWF 2<br>ആകെ - 22403 | (-) KCWWF.99% 222<br>(-)1%KCWWF - 2<br>ആകെ- 21235 | |
| കഞ്ചാംപഴിഞ്ഞി അമരത്ത് മുക്ക് പനയംമണ്ണടി ഓട സ്ലാബിടൽ 197/21<br>87/AE/LSGD/ PVR/19-20 Dated 20.03.20 | 42192രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്)<br>5/20-21 | 42144<br>(BillNo 48/12.11.20) | ഗോപി ബി, കുറുമ്പേര് വീട് | മൂല്യനിർണ്ണയം 42144 രൂപ<br>(-) IT 1% 421<br>(-) KCWWF .99% 417<br>(-) 1% Of KCWWF 4<br>ആകെ 41302 | മൂല്യനിർണ്ണയം 42144<br>(-)OH5% -2107<br>ബാക്കി 40037<br>(-)IT1% -400<br>(-) KCWWF.99% 396<br>(-) 1% KCWWF 4<br>ആകെ 39237 | 2065 |
| വരവിളതോപ്പ് റോഡ് സൈഡ് കോൺക്രീറ്റ് നിർമാണം<br>81/AE/LSGD/ PVR/19-20 Dated 16.03.20 | 49000രൂപ (മെയിന്റൻസ് ഫണ്ട് റോഡ് )<br>210/20-21 | 48989 ( Bill No 12/23.04.20) | മുത്തയ്യൻ | മൂല്യനിർണ്ണയം 48989 രൂപ<br>(-)IT1% -490<br>(-)KCWWF.99% 485<br>(-)1%ofKCWWF 5<br>ആകെ 48009 | മൂല്യനിർണ്ണയം 48989<br>(-)OH5% -2449<br>ബാക്കി46540<br>(-)IT1% 465<br>(-)KCWWF.99% 461<br>(-) 1% KCWWF 5<br>ആകെ 45609 | 2400 |
| വിശ്വകർമ്മനഗർ റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം 203/21<br>77/AE/LSGD/ PVR/19-20 Dated 16.03.20 | 40000രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്) | 39999<br>(BillNo 27/17.07.20) | ഗോപൻ കെ | മൂല്യനിർണ്ണയം 39999 രൂപ<br>(-)IT1% -400<br>(-)KCWWF.99% 395<br>(-)1of KCWWF 5<br>ആകെ 39199 | മൂല്യനിർണ്ണയം 39999<br>(-)OH5% - 2000<br>ബാക്കി37999<br>(-)IT1% -380<br>(-)KCWWF.99% 376<br>(-)1%KCWWF 4<br>ആകെ 37239 | 1960 |
| ചെക്കടി പരപ്പൻകുളം റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം 207/21<br>79/AE/LSGD/ PVR/19-20 Dated 16.03.20 | 49000രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്)<br>207/20 | 48989 (BillNo 13/23.04.20) | ശ്രീജിത്ത് എസ്<br>മണ്ണം വിളാകം | മൂല്യനിർണ്ണയം 48989 രൂപ<br>(-)IT1% -490<br>(-) KCWWF.99% 485<br>(-)1%ofKCWWF 5<br>ആകെ 48009 | മൂല്യനിർണ്ണയം 48989<br>(-)OH5% -2449<br>ബാക്കി46540<br>(-)IT1% 465<br>(-) KCWWF.99% 461<br>(-)1%KCWWF 5<br>ആകെ 45609 | 2400 |
| നെടിയവിള ദർഭവിള റോഡ് സൈഡ് വാൾ 205<br>86/AE/LSGD/ PVR/19-20 Dated 20.03.20 | 49000രൂപ (മെയിന്റൻസ് ഫണ്ട് റോഡ്)<br>2/20-21 | 48921<br>(BillNo36/16.09.20) | ബിജു വി,<br>നെടിയകാല വീട്,<br>അരുമാനൂർ | മൂല്യനിർണ്ണയം 48921 രൂപ<br>(-)IT1% -489<br>(-)KCWWF.99% 484<br>(-)1%ofKCWWF 5 | മൂല്യനിർണ്ണയം 48921<br>(-)OH5% -2446<br>ബാക്കി46475<br>(-)IT1% -465<br>(-)KCWWF.99% 460<br>(-)1%KCWWF -5 | 2398 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ 47943 | ആകെ 45545 | |
| മുതുക്കപ്ലാവിള റോഡ് സൈഡ് ബേം കോൺക്രീറ്റ് 98 23/AE/LSGD /PVR/19-20 Dated 12.01.21 | 49000രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്) | 48982 ( Bill No 60/24.02.21) | ബിജു വി, നെടിയകാല വീട്, അരുമാനൂർ | മൂല്യനിർണ്ണയം 48982രൂപ (-)IT1% -490 (-)KCWWF.99% 485 (-)1%ofKCWWF 5 ആകെ 48002 | മൂല്യനിർണ്ണയം 48982 (-)OH5% -2449 ബാക്കി -46533 (-)IT1% -465 (-) KCWWF .99% 461 (-)1%KCWWF - 5 ആകെ 45602 | 2400 |
| ആകെ | | | | | | 14791 |

മേൽ പ്രവൃത്തികൾക്ക് അധികമായി നൽകിയ തുക 14791/- രൂപ കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ( നം 13/25.05.2022, നം 21/26.05.2022) സർക്കുലർ നം DB-9058/17/CE/LSGD Dated 16.03.2018 ശ്രദ്ധയിൽപ്പെടാത്തതും ആയത് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ക്ലാരിഫിക്കേഷൻ ചെയ്തതിന് ശേഷം ഇനിയുള്ള ബില്ലുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ബിൽ ക്ലോസ് ചെയ്യാമെന്നാണ് അറിയിച്ചിട്ടുള്ളത് .

(ബി) നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 460000/- (എം.പിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും പഞ്ചായത്തിന് ലഭ്യമായ തുക 430178 , ഹെഡ് കോഡ് 320100204)

ചെലവ് - 421573ചെക്ക് നം 480071/09.10.2020

പ്രവർത്തിയുടെ പേര് - ശാസ്താംകുളം തൈത്തോട്ടം റോഡ് നിർമാണം MPLADS2018

കൺവീനർ: ശ്രീ രവി വൈ, തൈത്തോട്ടം വീട് , അരുമാനൂർ

കരാർ തീയതി - 02.03.2019

സപ്ലിമെന്ററി എഗ്രിമെന്റ് തീയതി - 03.09.2020

അളവ് പുസ്തകം: 417/2019-20

| നൽകിയ തുക | നൽകാവുന്ന തുക |
|---|---|
| മൂല്യനിർണ്ണയം 443482 | മൂല്യനിർണ്ണയം 443482<br>(-) OH 5% 22174<br>ബാക്കി 421308 |
| (-) പിഴ 3% 13305 | (-) പിഴ 3% 13305 |
| (-) IT 1% 4302 | (-) IT 1% 4213 |
| (-) KCWWF .99% 4259 | (-) KCWWF .99% 4171 |
| (-) 1% Of KCWWF 43 | (-) 1% KCWWF 42 |
| കൺവീനർക്ക്: 421573 | കൺവീനർക്ക് നൽകാവുന്ന തുക 3,99,577 |
| | കൺവീനർക്ക് നൽകിയ തുക 4,21,573 |
| | അധികം നൽകിയ തുക 21,996 രൂപ |

അധികമായി നൽകിയ തുക 21996/- രൂപ കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം ബിൽ തയ്യാറാക്കിയ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക 21996/- രൂപ തടസ്സപ്പെടുത്തുന്നു. അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (അന്വേഷണകുറിപ്പ് നം. 17/ 25.05.2022).

## 1-23 ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ മരാമത്ത് പ്രോജക്ടുകൾ - ചെലവുരേഖകൾ സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ചതിൽ സർക്കുലർ നം. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതായി കാണുന്നു.

(എ) അപാകതകൾ

1) ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ (കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പിന് വേണ്ടി) പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ് ചെലവു കണക്കുകളുടെ പരിശോധന എന്നിവയൊന്നും ഗുണഭോക്തൃ സമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2) ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലൂടെ തുക അനുവദിക്കുന്നതിനു പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ചു നൽകിയത്.

3) പ്രവൃത്തികൾക്കായി വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെങ്കിലും അപ്രകാരം ചെയ്തിട്ടില്ല..

4) ചെലവു വൗച്ചറുകൾ, മസ്റ്റർ റോളുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല .

5) കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിനജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

6) ബിൽ തുക അനുവദിക്കുന്നതിനു മുൻപ് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് പരിശോധിക്കണമെങ്കിലും, അപ്രകാരമുള്ള പരിശോധന നടത്താതെയാണ് നിർവഹണാധികാരി ബിൽ അനുവദിച്ചു നൽകിയിരിക്കുന്നത്.

(ബി) ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല - 65,005/- രൂപ

ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികളുടെ 65,005/- രൂപയുടെ ചെലവു വൗച്ചറുകൾ, മസ്റ്റർ റോളുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) ഒന്നാം നമ്പർ അംഗൻവാടിയ്ക്ക് സമീപമുള്ള പൊതു കിണർ മെയിന്റൻസ് 184/21

അടങ്കൽ: 30000രൂപ (ധനകാര്യകമ്മിഷൻ അവാർഡ്)

ചെലവ്- 22861 ( Bill No 88/29.03.21)

കൺവീനർ: ശ്രീ രാജൻ എൻ

കരാർ: 89/AE/LSGD/PVR/19-20 Dated 20.03.20

അളവ് പുസ്തകം: 19/20-21

2) കഞ്ചാംപഴിഞ്ഞി അമരത്ത് മുക്ക് പനയംമണ്ണടി ഓട സ്ലാബിടൽ 197/21

അടങ്കൽ: 42192രൂപ (ധനകാര്യകമ്മിഷൻ അവാർഡ്)

ചെലവ്- 42144( Bill No 48/12.11.20)

കൺവീനർ: ശ്രീ ഗോപി ബി, കുറുമ്പേര് വീട്

കരാർ: 87/AE/LSGD/PVR/19-20 Dated 20.03.20

അളവ് പുസ്തകം: 5/20-21

സാധനങ്ങൾ വാങ്ങിയവയുടെ ബിൽ, വേതനം, യന്ത്ര സാമഗ്രികളുടെ വാടക , ചെലവുകളുടെ വൌച്ചറുകൾ, ചെലവുകണക്കുപുസ്തകം, ഡയറി എന്നിവ ഹാജരാക്കുന്നതിന് ബന്ധപ്പെട്ട കൺവീനർമാർക്ക് ഫോൺ മുഖേന അറിയിച്ചിട്ടുണ്ടെന്ന് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 13/25.05.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് നിർവഹണം നടത്തേണ്ടതും 65,005/- രൂപയുടെ ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

വാർഷിക കണക്കുകളിലെ ബി9 ഷെഡ്യൂൾ പ്രകാരം സർക്കാർ/ഇതര സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടുന്ന തുകകൾ, ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. വിശദാംശം ചുവടെ.

| ഹെഡ് | 31.03.2021 ലെ നീക്കിയിരുപ്പ് | കുറിപ്പുകൾ |
|---|---|---|
| 350200201 സ്രോതസ്സിൽ ഈടാക്കിയ ആദായ നികുതി | 4385 | എം.പി. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ഫൈനൽ ബിൽ പ്രകാരം സ്രോതസ്സിൽ ഈടാക്കിയ തുക |
| 350200203 കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഇനത്തിൽ സ്രോതസ്സിൽ ഈടാക്കിയ തുക | 4385 | എം.പി. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ഫൈനൽ ബിൽ പ്രകാരം സ്രോതസ്സിൽ ഈടാക്കിയ തുക |
| 350300108 ഗവ. & അതർ ഡ്യൂസ് പേയബിൾ-റോയൽറ്റി | 2000 | |
| 350300109 ഗവ. & അതർ ഡ്യൂസ് പേയബിൾ-റീഫണ്ട് ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ്സ് ഫോർ പ്രയർ പിരീഡ് | 9520 | ബിഫണ്ട്, പദ്ധതി തുകകളിൽ ഉണ്ടായ ചെലവുകൾ റീഫണ്ട് ചെയ്തത് |

മേൽ തുകകൾ ഏതൊക്കെ ഇനങ്ങളിലെ ബാധ്യതകളാണെന്നതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6) ബാധ്യത തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരികെ ഒടുക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ബാധ്യതയായ തുകകൾ ഏതു ഫണ്ടിലേക്കുള്ളതാണെന്ന് ഉറപ്പാക്കി, ബന്ധപ്പെട്ട ഹെഡുകളിലേക്ക് അടിയന്തിരമായി തിരികെ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 മരണശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്ഷേമപെൻഷൻ തുക നിക്ഷേപിച്ചു കൊണ്ടിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ മരണ രജിസ്റ്റർ പ്രകാരം ശിവരാജൻ എ., എസ്.എസ്.ഭവൻ, റ്റി.ബി. ജംഗ്ഷൻ, പൂവാർ എന്ന വ്യക്തി 07.06.2020 ൽ മരണപ്പെട്ടിട്ടുണ്ട്. ടിയാൾക്ക് വാർധക്യ പെൻഷൻ ഏപ്രിൽ 2022 വരെയും വിതരണം ചെയ്തു കാണുന്നു (പെൻഷണർ ഐഡി 103020201518). ജൂലൈ 2020 മുതൽ ഏപ്രിൽ 2022 വരെയുള്ള മാസങ്ങളിലായി ആകെ 33,500/- രൂപ അധികമായി ടി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. മരണപ്പെട്ടശേഷവും ക്ഷേമപെൻഷൻ കൈമാറികൊണ്ടിരിക്കുന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/27.05.2022) മരണശേഷം അനുവദിച്ച തുക തിരികെ ഈടാക്കി പഞ്ചായത്തു ഡയറക്ടറുടെ അക്കൌണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി മറുപടി നൽകി (കത്ത് നം. എ6-129/18 തീ.30.05.2022). മരണപ്പെടുന്ന ഗുണഭോക്താക്കളെ കൃത്യമായി ക്ഷേമപെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഇപ്രകാരം അപാകതകളുണ്ടാകുന്നത്.

ധനകാര്യവകുപ്പിന്റെ സർക്കുലർ നം. എസ്.എഫ്.സി.-ബി2/53/2017/ധന തീയതി 22.01.2018 പ്രകാരം മരണപ്പെട്ട പെൻഷണർമാരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മേൽ പരാമർശിച്ചതിനു സമാനമായി മറ്റു ഏതെങ്കിലും ഗുണഭോക്താവിന് അനർഹമായി ക്ഷേമപെൻഷൻ അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. അനർഹമായി വിതരണം ചെയ്ത തുക തിരികെ ഈടാക്കി ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്ററിൽ നിക്ഷേപ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 2020-21 വാർഷികകണക്കുകൾ പ്രകാരം വാട്ടർ അതോറിറ്റി 5,66,000/- രൂപയുടെയും, വൈദ്യുതി ബോർഡ് 6,96,723/- രൂപയുടെയും പ്രവൃത്തികൾ പൂർത്തിയാക്കാനവശേഷിക്കുന്നുണ്ട്. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുക ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചതാണെന്നോ, എന്നു മുതൽക്കുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാനവശേഷിക്കുന്നുണ്ടെന്നോ വ്യക്തമല്ല. നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തനം (നം.6) മറുപടി ലഭ്യമാക്കിയില്ല. നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം (പേര്, നിക്ഷേപിച്ച തുക, നിക്ഷേപിച്ച വർഷം, പ്രവൃത്തി പൂർത്തീകരിച്ച തീയതി, വിനിയോഗ സാക്ഷ്യപത്രം, അന്തിമ ബിൽ തുടങ്ങിയവ) ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്.

## 1-27 ഇ ടെണ്ടർ ഫോറവില പഞ്ചായത്തിന് ലഭ്യമായിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ (പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2020-21 സാമ്പത്തിക വർഷം മരാമത്ത് പ്രവർത്തികളുടെ ഇ-ടെൻഡർ നടപടികളിലൂടെ ലഭ്യമായ തുക (ടെൻഡർ ഫോം വില 22934/- രൂപ + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-28 റോഡ് കട്ടിംഗ് -റോഡ് കോൺക്രീറ്റിംഗ് പൊളിഞ്ഞ അവസ്ഥയിൽ - ചാർജിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തുക ലഭ്യമായിട്ടില്ല

(എ) ബേം കോൺക്രീറ്റിംഗ് പൊളിഞ്ഞുപോയി - റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയില്ല.

പ്രവർത്തിയുടെ പേര് - കൊടിവിളാകം മാത്തുവിളാകം റോഡ് ഓടപുനരുദ്ധാരണം 192/20 (സ്പിൽ ഓവർ)

അടങ്കൽ - 296000( മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ് - 295995 ( ബിൽ നം 55തീയതി 22.12.2020)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ - പി വിജയൻ , മുറവച്ചൽ വീട്, കഞ്ചാംപഴിഞ്ഞി

എഗ്രിമെന്റ് നം - 25/എ.ഇ/LSGD/PVR /19-20 Dated 03.10.2019

അളവുപുസ്തകം - 682/2019-20

മേൽ പരാമർശിച്ച മരാമത്ത് പ്രവർത്തിയുമായി ബന്ധപ്പെട്ട സ്ഥലപരിശോധനയിൽ ബേം കോൺക്രീറ്റ് ചെയ്ത ഭാഗം മുഴുവൻ പൊട്ടിപ്പൊളിഞ്ഞ് റോഡ് ഗതാഗതത്തിന് യോഗ്യമല്ലാത്ത രീതിയിൽ കാണപ്പെട്ടു. 2020-21 ൽ മാത്രം പണി പൂർത്തിയാക്കിയ ബേം കോൺക്രീറ്റിംഗ് പൊളിഞ്ഞുപോകാനുള്ള സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 44/30.05.2022) വാട്ടർ അതോറിറ്റി കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിച്ചപ്പോൾ ട്രഞ്ച് എടുത്തതിനാലാണെന്നും ആയത് റിപ്പയർ ചെയ്യുന്നതിനായി പ്രസ്തുത ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടിട്ടു ണ്ടെന്നും ആയതിന്റെ ചെലവ് പഞ്ചായത്തിൽ അടക്കണമെന്നും കത്ത് നൽകിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. എന്നാൽ ഈയിനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

മേൽ പ്രവർത്തിയ്ക്കായി 195.45മീറ്റർ ദൂരം ബേം കോൺക്രീറ്റിംഗിന് അളവ് പുസ്തക പ്രകാരം ചെലവായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 3.5.1 Excavation In Cutting In Soil By Manual Means With Lead Upto 50m Excavation For Roadway In Soil Using Manual Means For Carrying Of Cut Earth To Embankment Site With A Lift Upto 1.5m And Lead Upto 50m As Per TS Clause 302 3 | 31.309 M3 | 240.50 | 7529.81 |
| Od163444/2019 Construction Of Plain Cement Concrete Pavement Thickness As Per Design Over A Prepared Subgrade With 43 Grade Cement As Per Clause 1501.2 2 M20 Grade Conforming To Is 383 Maximum Size Not Exceeding 25mm Mixed In A Concrete Mixer Of Not Less Than .2cum Capacity Spreading The Concrete With Showel Compacted With Vibrator Needles Excluding Form Work Etc Complete | 31.309$m^3$ | 7693.43 | 240873.59 |
| 248403.4- 26%64585=183819ആകെ | | | 248403 |

പി വിജയൻ എന്ന കരാറുകാരന് എസ്റ്റിമേറ്റിന്റെ 26% കുറഞ്ഞ നിരക്കിൽ 1,83,819/- രൂപ ബേം കോൺക്രീറ്റിംഗ് പ്രവർത്തിയ്ക്കായി നൽകിയിട്ടുണ്ട്. ബേം കോൺക്രീറ്റിംഗ് പൈപ്പ് ലൈൻ പ്രവർത്തി കാരണം പൊളിഞ്ഞുപോയതിനാൽ 1,83,819/-രൂപ പഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു. റോഡ് കട്ടിംഗ് ചാർജിനത്തിൽ ആവശ്യമായ തുക കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കേണ്ടതും റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇപ്രകാരം പല റോഡുകളും നശിച്ചുപോയതായി വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ( നം44/30.05.2022 ) അസിസ്റ്റന്റ് എഞ്ചിനീയർ പരാമർശിച്ചിട്ടുണ്ട്.

(ബി) ഭരണസമിതി തീരുമാനം - തുടർ നടപടിവിവരം ലഭ്യമാക്കിയില്ല.

14.07.2020 ലെ 15-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം പൂവാർ പഞ്ചായത്തിൽ കല്ലിങ്ങവിളാകം പരപ്പൻകുളത്തിനു സമീപം ഫിഷറീസ് കോളനിയിൽ പതിനഞ്ചോളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സമീപത്തെ റോഡിൽ ടാർകട്ടിംഗ് നടത്തുന്നതിന് പ്രവർത്തി ചെയ്യുന്ന ഏജൻസിയിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കി നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് ആക്ഷേപമില്ല എന്ന വിവരം കാഞ്ഞിരംകുളം ജല അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയെ രേഖാമൂലം അറിയിച്ചതായുള്ള രേഖകളൊന്നും ലഭ്യമല്ല. ധനകാര്യപത്രിക പ്രകാരം 2020-21 വർഷം റോഡ് കട്ടിംഗിന് കേരള വാട്ടർ അതോറിറ്റി, പഞ്ചായത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല.

വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി (45/30.05.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

( 30.03.2019 ലെ CE/R&B/GL-RC/2/2019 നമ്പർ സർക്കുലർ പ്രകാരം ടാർ റോഡ് കട്ട് ചെയ്യുന്നതിന് 3090.57/- കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് 5473.44/- രൂപ എന്നീ വിധം തുക പഞ്ചായത്തിൽ അടവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നതിന് 11.08.2021 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്)

റോഡ് കട്ടിംഗ് ചാർജിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാകേണ്ട തുക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല.

പഞ്ചായത്തിന്റെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 857വ്യാപാര സ്ഥാപനങ്ങളാണ് ഉള്ളത്. ആയതിൽ 2020-21 സാമ്പത്തിക വർഷം 104 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ലൈസൻസ് പുതുക്കുവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. മുഴവൻ വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/27.5.2022 ന് മറുപടി നൽകിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-30 വസ്തു നികുതി - അപാകതകൾ

വസ്തുനികുതി സംബന്ധമായ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-30-1 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം (3വാർഡുകൾ മാത്രം പരിശോധിച്ചതിൽ) മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| വാർഡ് | കെട്ടിട നംമ്പർ | പേര് | ഫ്ലോർ ഏരിയ |
|---|---|---|---|
| പരണിയം | 123 | ദേവദാസൻ നാടാർ (വലിയവിളാകം,പരണിയം,പൂവാർ പി ഒ,695525) | താഴത്തെ നില (90 ച മീ ) |
| പരണിയം | 133 | പൗലോസ് (കൊട്ടാരക്കുന്ന്,അരുമാനൂർ,പൂവാർ പി ഒ,695525) | താഴത്തെ നില (67 ച മീ ) |
| പരണിയം | 143 | നാരായണൻ (ഭുവനേന്ദ്ര വിലാസം,പൂവാർ,പൂവാർ പി ഒ,695525) | താഴത്തെ നില (72 ച മീ ) |
| പരണിയം | 157A | സദാശിവൻ (പരുത്തിവിള വീട്,അരുമാനൂർ,പൂവാർ പി ഒ,695525) | താഴത്തെ നില (600 ച മീ ) |
| പരണിയം | 158 | സുജ.ഡി പ്രതിഭ.ജെ.പി (ട്രിൻസ് മഹൽ പരുത്തിവിള,അരുമാനൂർ,പൂവാർ പി | താഴത്തെ നില (136 ച മീ ) |
| പരണിയം | 159 | ജസ്റ്റസ് (പരുത്തിവിള,അരുമാനൂർ,പൂവാർ പി ഒ,695525) | താഴത്തെ നില (98 ച മീ ) |
| പരണിയം | 163 | അജി കുമാർ (ജോജി പാലസ്,പാഞ്ചിക്കാല,പൂവാർ പി.ഒ,പൂവാർ പി ഒ,695525) | താഴത്തെ നില (105 ച മീ ) |
| പരണിയം | 164A | വിജിലാ ജാസ്മിൻ (എസ് വി ഭവൻ,പരണിയം,പൂവാർ പി ഒ,695525) | താഴത്തെ നില (ച 82.03 മീ ) |

| | | | |
|---|---|---|---|
| പരണിയം | 169 | ഗോഹിൻ കുമാർ (മിനി മന്ദിരം,പാഞ്ചിക്കാല,പൂവാർ പി ഒ,695525 | താഴത്തെ നില (ച 113.5മീ ) |
| പരണിയം | 201 | വർഗ്ഗീസ് (വി.കെ.ഭവൻ,വേപ്പിൻ വിളാകം,പരണിയം,പൂവാർ പി ഒ,695525) | താഴത്തെ നില (ച 67മീ ) |
| പരണിയം | 202 | ജഗദമ്മ (വേപ്പിൻ വിളാകം,പരണിയം,പൂവാർ പി ഒ,695525) | താഴത്തെ നില (ച 64മീ ) |
| പരണിയം | 203 | സുരേന്ദ്രൻ (വേപ്പിൻ വിളാകത്തു മേലെ പുത്തൻ വീട്,അരുമാനൂർ, പൂവാർ പി ഒ,695525 | താഴത്തെ നില (ച 87.7മീ ) |
| പരണിയം | 204B | ജ്ഞാനസെൽവം (കല്ലുവിള,പൂവാർ പി ഒ,695525 | താഴത്തെ നില (ച 100മീ ) |
| പരണിയം | 204 | ക്രിസ്തുദാസ് (കമലാലയം,അരുമാനൂർ,പൂവാർ പി ഒ,695525) | താഴത്തെ നില (ച 87.5മീ ) |
| പരണിയം | 217 | ലിവിംഗ്സ്റ്റൻ (എൽ.എൽ.സദനം,പാഞ്ചിക്കാല വീട്, പൂവാർ പി ഒ,695525) | താഴത്തെ നില (ച 93.75മീ ) |
| പരണിയം | 225 | സുകുമാരൻ (പാണംവിളാകത്ത് വീട്,പൂവാർ പി ഒ,695525) | താഴത്തെ നില (ച 96മീ ) |
| പരണിയം | 457 | മോഹന കുമാർ (അമ്പുഭവൻ,കാലായിത്തോട്ടം, പരണിയം,പൂവാർ പി ഒ,695525) | താഴത്തെ 90നില (ച മീ ) |
| പരണിയം | 408 | ശശീന്ദ്രൻ (അരുമാനൂർ,പൂവാർ പി ഒ,695525) | താഴത്തെ നില (ച80.85 മീ ) |
| പരണിയം | 385 | എം.ഹരിദാസ് (അത്തിമൂട് വീട്,പൂവാർ പി ഒ,695525) | താഴത്തെ നില (ച 108മീ ) |
| പരണിയം | 379 | സോമിനാധൻ (കൊല്ലന്റെവിള,പൂവാർ പി ഒ,695525) | താഴത്തെ നില (ച 134.55മീ ) |
| കാലായിത്തോട്ടം | 15 | മണി (കൊല്ലംവിള അരുമാനൂർ പൂവ്വാർ,പൂവാർ പി ഒ,695525) | താഴത്തെ നില (ച 81മീ ) |
| കാലായിത്തോട്ടം | 33 | തങ്കപ്പനാശാരി (മടവൻതൈവീട് അരുമാനൂർ പൂവ്വാർ,പൂവാർ പി ഒ,695525) | താഴത്തെ നില (ച 80മീ ) |
| കാലായിത്തോട്ടം | 53 | മോഹനചന്ദ്രൻ (എസ് എസ് നിവാസ് തോട്ടത്തിൽ അരുമാനൂർ പൂവ്വാർ, പൂവാർ പി ഒ,695525) | താഴത്തെ നില (ച 72മീ ) |
| കാലായിത്തോട്ടം | 191 | കെ.സുശീലൻ (സുരഭി നിവാസ് അരുമാനൂർ,പൂവാർ പി ഒ,695525) | താഴത്തെ നില (ച 81മീ ) |
| കാലായിത്തോട്ടം | 377 | മുരുകേശനാശാരി (ഗോകുലം,പൂവാർ പി ഒ,695525) | താഴത്തെ നില (90 ച മീ ) |
| കാലായിത്തോട്ടം | 384 | അനിൽകുമാർ (മുടിയൂർ വിളാകം അരുമാനൂർ,പൂവാർ പി ഒ,695525) | താഴത്തെ നില (100 ച മീ ) |
| അരശുംമൂട് | 15 | അനിൽകുമാർ (കെ.വി.നിവാസ്,കഞ്ചാംപഴിഞ്ഞി, പൂവാർ പി ഒ,695525) | താഴത്തെ നില (95 ച മീ ) |

| | | | |
|---|---|---|---|
| അരശ്ശുംമൂട് | 385 | രാജ്കുമാർ<br>(രാജ് കോട്ടേജ്,അരുമാനൂർ,പൂവാർ പി ഒ,695525, | താഴത്തെ നില<br>(165 ച മീ ) |
| അരശ്ശുംമൂട് | 441 | എം.ചെല്ലമ്മ<br>(മണിയങ്കൽതോട്ടം,അരുമാനൂർ,പൂവാർ പി ഒ,695525) | താഴത്തെ നില<br>(68 ച മീ ) |
| അരശ്ശുംമൂട് | 444 | സി.ധ്രുവൻ<br>(ഇടവഴി പുറമ്പോക്ക്,കഞ്ചാംപഴിഞ്ഞി.പി.ഒ) | താഴത്തെ നില<br>(65 ച മീ ) |
| അരശ്ശുംമൂട് | 446 | എം.ത്രേസ്യാമ്മ<br>(മണിയങ്കൽതോപ്പ്,പൂവാർ പി ഒ,695525) | താഴത്തെ നില<br>(79 ച മീ ) |
| അരശ്ശുംമൂട് | 447 | ജെ.ജയരാജൻ<br>(മണിയങ്കൽതോപ്പ്,അരുമാനൂർ,പൂവാർ പി ഒ, | താഴത്തെ നില<br>(77 ച മീ ) |
| അരശ്ശുംമൂട് | 449 | ഇന്ദിര. കെ<br>(മണിയങ്കൽതോട്ടം,പൂവാർ | താഴത്തെ നില<br>(69 ച മീ ) |
| അരശ്ശുംമൂട് | 451 | രാജേന്ദ്രൻ<br>(മണിയങ്കൽതോട്ടം,കഞ്ചാംപഴിഞ്ഞി.പി.ഒ) | താഴത്തെ നില<br>(69 ച മീ ) |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം.34/27.5.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2019-20 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1.11 പ്രകാരം മേൽ വിഷയം പരാമർശിച്ചിരുന്നു. ആയതിന്മേൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30-2 നികുതി നിർണ്ണയം നടത്താതെ വസ്തുനികുതി പിരിച്ചെടുത്തു.

സഞ്ചയ സോഫ്റ്റ് വെയറിൽ 5,6വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി മുൻകൂർ ഇനത്തിൽ തുക നിലനിൽക്കുന്നതായും എന്നാൽ നിലവിൽ നികുതി ഡിമാന്റ് ചെയ്യാതെയും കാണുന്നു.

| വാർഡ് നം. | കെട്ടിട നം. | പേര് | ഫ്ലോർ ഏരിയ ച.മീ | നാളിതുവരെ പിരിച്ചെടുത്ത തുക (മുൻകൂർ) |
|---|---|---|---|---|
| 5 | 48 | മഞ്ജുഷ, രാഗവ സദനം | 125.95 | 1456/- |
| 5 | 67 | വിശ്വനാദൻ, ആയത്തറ വീട്, വിശാഖം. | 94.20 | 1384/- |
| 5 | 300 | ബിജുമാർ, നിർമ്മാല്യം, കഞ്ചാംപഴിഞ്ഞി. | 107.8 | 1640/- |
| 5 | 250 | അമ്മുക്കുട്ടി, തെറ്റിക്കാട് | 63 | 1095/- |
| 5 | 95 | മുരുകൻ,കട്ടുവിളാകം, പൂവാർ | 68.3 | 1081/- |
| 5 | 255 | ഗോപി.സി, മണ്ണടി വീട്,തെറ്റിക്കാട് | 64 | 1076/- |
| 6 | 217 | മുഹമ്മദ് ഹനീഫ, മണ്ണംവിളാകം. | 64 | 1228/- |

ആയതിന് വിശദീകരണം നൽകാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41,28.5.22) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ മേൽ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യാത്തതിന് കാരണം രേഖകൾ സഹിതം വിശദമാക്കേണ്ടതാണ്.

## 1-31 ലേലം - അപാകതകൾ

2020-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടത്തിയ ലേലങ്ങൾ താഴെപ്പറയുന്നു.

1. എടുത്ത് ചരിച്ചാൻവിള ലക്ഷം വീട് കോളനി തെങ്ങ് ആദായമെടുക്കൽ.
2. കൊടിവിളാകം ലക്ഷം വീട് കോളനി തെങ്ങ്. ആദായമെടുക്കൽ.
3. കുട്ടൻ തുറന്ന് വിള കോളനി തെങ്ങ് ആദായമെടുക്കൽ.
4. ഇ.എം.എസ് കോളനി, 30-ാം നംമ്പർ അംഗൻവാടി പരിസരത്തെ തെങ്ങുകൾ ആദായമെടുക്കൽ.

മേൽ പ്പറഞ്ഞ 2,3,4 ലേലങ്ങളുടെ ലേല ഡയറിയും രജിസ്റ്ററും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ രണ്ട് വർഷത്തേയ്ക്ക് ആദായമെടുക്കാനാണ് ലേലം നടത്തിയിട്ടുള്ളത്. എന്നാൽ ലേലം കൈകൊണ്ട ആളുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ഒന്നാമത്തെ ലേലത്തിൽ എഗ്രിമെന്റ് പത്രം ഉണ്ടെങ്കിലും ,ആയതിൽ കരാർവ്യവസ്ഥകളൊന്നും രേഖപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നു. മേൽ അപാകതകൾ കാണിച്ചു നൽകിയ എൻക്വയറിയ്ക്ക്(20,26.5.2022) ലേലങ്ങൾ കൈപ്പറ്റിയ ആളുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും, രേഖകളിൽ സെക്രട്ടറിയുടെ ഒപ്പ് വച്ച് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 156 എ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ലേല നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-32 അനധികൃത കെട്ടിടങ്ങളുടെ എണ്ണം പെരുകുന്നു

പൂവാർ പഞ്ചായത്തിന്റെ 15 വാർഡുകളിലായുള്ള അനധികൃത കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് | എണ്ണം |
|---|---|
| 1 | 0 |
| 2 | 5 |
| 3 | 1 |
| 4 | 2 |
| 5 | 5 |
| 6 | 2 |
| 7 | 16 |
| 8 | 42 |
| 9 | 108 |
| 10 | 33 |
| 11 | 83 |

| | |
|---|---|
| 12 | 7 |
| 13 | 4 |
| 15 | 1 |
| ആകെ | 309 |

സഞ്ചയ പരിശോധനയിൽ 309 ൽ അധികം അനധികൃത കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. മേൽ കെട്ടിടങ്ങൾ ക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.43, 30.5.2022) മറുപടി ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 235 എച്ച് പ്രകാരം പണി നടത്തുന്നതിനായി സെക്രട്ടറി അനുവാദം നൽകാത്തപക്ഷവും, നൽകുന്നവരെയും ഒരു കെട്ടിടത്തിന്റെ നിർമ്മാണമൊ പുനർ നിർമ്മാണമൊ ആരംഭിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ പെർമിറ്റ് ഇല്ലാതെ കെട്ടിടങ്ങൾ പണിയുന്നതിനെതിരെ കർശന നിയന്ത്രണങ്ങൾ ഉണ്ടാകേണ്ടതാണ്.

## 1-33 നികുതി ഇളവ്- വിമുക്തഭടൻമാർ -സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ വിമുക്തഭടന്മാരുടെ വീടുകൾക്ക് നികുതി ഒഴിവാക്കിയതിൽ എല്ലാ വ്യക്തികളിൽ നിന്നും 2020-21ൽ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഓരോ വർഷവും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

സാക്ഷ്യപത്രം ലഭ്യമാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്, കെട്ടിട നം. | പേര് |
|---|---|---|
| 1 | 5, 290 | ശശിധരൻ ആശാരി |
| 2 | 12, 377 | കെ. സുമൻ |
| 3 | 6, 220 | ജി.എസ് ആനന്ദൻ |
| 4 | 13, 349 | കെ. സുകുമാരൻ |
| 5 | 1, 240 | മോഹനൻ .എം |
| 6 | 3, 292 | വാസവൻ |
| 7 | 4, 120 | വേലായുധപ്പിള്ള |
| 8 | 11, 270 | ബാപ്റ്റിസ്റ്റ് |
| 9 | 15, 234 A | ഗോപാലകൃഷ്ണൻ |
| 10 | 12, 413 | ഷാഹുൽ ഹമീദ് |
| 11 | 6, 126 | ഗംഗാധരൻ നായർ |
| 12 | 3, 45 A | സുരേഷ് പി |
| 13 | 3, 131 | എം. ശകുന്തള |

വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46,30.5.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | കിണർ റീചാർജിംഗ് 221/21 | 82080 | 25920 |
| | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 230/21 | 313500 | 209000 |
| | ന്യൂലൈഫ് ജനറൽ 84/21 | 80000 | 80000 |
| | ലൈഫ് ഭവനപദ്ധതി 232/21 | 1000000 | 520000 |
| | ന്യൂലൈഫ് 74/21 | 320000 | 320000 |
| | ക്ഷീര സമൃദ്ധി 41/21 | 100000 | 50000 |
| | ക്ഷീര സമൃദ്ധി 140/21 | 278999 | 88999 |
| ആകെ | | 2174579 | 1293919 |
| ബ്ലോക്ക്പഞ്ചായത്ത് | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 230/21 | 313500 | 313500 |
| | ന്യൂലൈഫ് ജനറൽ 84/21 | 40000 | 40000 |
| | ന്യൂലൈഫ് 74/21 | 160000 | 160000 |
| | ലൈഫ് ഭവനപദ്ധതി ജനറൽ 19/21 | 1000000 | 120000 |
| | ക്ഷീര സമൃദ്ധി 41/21 | 300000 | 300000 |
| ആകെ | | 1813500 | 933500 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (സുലേഖ പ്രകാരം ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 468300 | 813500 | 1281800 | 933500 | 348300 |
| ജില്ലാപഞ്ചായത്ത് | 143384 | 1293919 | 1437303 | 1293919 | 143384 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.ഡബ്ല്യു.എ. | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 155/21 | 566000 | 0 | 566000 |
| ആകെ | | | 566000 | 0 | 566000 |

| | 2019-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 696723 | 0 | 696723 | 0 | 696723 |
| കെ.ഡബ്ല്യു.എ | 0 | 566000 | 566000 | 0 | 566000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | | 0 | 884944 | . | | 211515 * |
| കെ.യു.ആർ.ഡി.എഫ്.സി | - | 18324118 | 1120000 | 1858784 | | 17585334 |

* ഇ.എം.എസ്. വായ്പാ മെയ് 2016ൽ ഗ്രാമപഞ്ചായത്ത് മുതൽ പൂർണ്ണമായും ഒടുക്കി ക്ലോസ് ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ 31.03.2021 ൽ 2,11,515/- രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. |
|---|---|---|---|---|---|
| 1 | 18-19 | 1-14 | 240+30 | ഡോ.ജവഹർ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 120020101410<br>120020101533 |
| 2 | 18-19 | 2-1 | 2940 | ശ്രീ. സന്തോഷ് കുമാർ റ്റി, സെക്രട്ടറി | 120020101550 |
| 3 | 18-19 | 1-25 | 4063 | ശ്രീ. സന്തോഷ് കുമാർ റ്റി, സെക്രട്ടറി | 120020101563 |
| 4 | 18-19 | 3-1 | 5300 | ശ്രീമതി ശോഭന, ഹെഡ്മിസ്ട്രസ്സ് | 120020101554 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,70,13,422 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,66,32,886 |
| ആകെ | 8,36,46,308 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,66,63,919 |
| നീക്കിയിരിപ്പ് | 1,69,82,389 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,14,100 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-12 | 6,47,096 | ശ്രീ. വി.ജി. ഗോപകുമാർ, സെക്രട്ടറി |
| 1-14 | 17,817 | ഡോ.സോജ അഗസ്റ്റിൻ, വെറ്റിനറി സർജൻ |
| 1-16 | 2,12,400 | ശ്രീമതി. സെലീന,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-17 | 1,00,000 | ശ്രീമതി. സെലീന,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-22 | 36,787 | ശ്രീമതി.രമ്യ സുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ , 33219<br>ശ്രീ സുരേഷ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ, 3568 |
| ആകെ | 10,14,100 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. രമ്യ സുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | തോപ്പിൽ ഹൌസ്, കുന്നംകുളം ലെയിൻ, മെഡിക്കൽ കോളേജ് പി.ഒ. 695011 |
| 2 | ശ്രീ. സുരേഷ് കുമാർ ജെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ആസ്ത, ഇലവൻകുഴി, താന്നിമൂട് പി.ഒ., 695123 |
| 3 | ഡോ.സോജ അഗസ്റ്റിൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | വിമൽ വില്ല, ഇലങ്കം ജയിൽ റോഡ്, വഴുതൂർ, നെയ്യാറ്റിൻകര 695121 |
| 4 | ശ്രീമതി. സെലീന,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | കണ്ണിമതട്ട്, ആറ്റുപുറം<br>കുളത്തൂർ, ഉച്ചക്കട |
| 5 | ശ്രീ. വി.ജി. ഗോപകുമാർ, സെക്രട്ടറി | സെക്രട്ടറി | സോപാനം,<br>മച്ചേൽ.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ |
|---|---|---|
| 2003-04 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18<br>തീയതി 05.07.2018 | 1എണ്ണം<br>3(3) |
| 2004-05 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18<br>തീയതി 05.07.2018 | 1എണ്ണം<br>3.6 |

| | | |
|---|---|---|
| 2005-06 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 2എണ്ണം 3(2), 2(1) |
| 2006-07 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 4എണ്ണം 3.2, 3.5, 3.6(1), 3.6(2) |
| 2007-08 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 5എണ്ണം 2.2, 3.3, 3.5(1), 3.5(2), 3.5(5) |
| 2008-09 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 5എണ്ണം 3.4, 3.5, 3.8.1, 3.8.2, 3.8.3 |
| 2009-10 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 6എണ്ണം 2.2, 3.3(a), 3.3(b), 3.7, 3.11.1,3.11.2 |
| 2010-11 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 13 എണ്ണം 2-1, 3-1, 3-3, 3-4, 3.5, 3-7, 3-9, 3-10, 3(11)A, 3(11)B, 3(11)C, 3(12)A, 3(12)B |
| 2011-12 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 5എണ്ണം 2(2), 2(3)(1), 2(3)(2), 3(2), 3(7) |
| 2012-13 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 10എണ്ണം 2.1(ബി), (സി), (ഡി), 2.3, 2.4, 3.2, 3.3, 3.5, 3.7, 3.8 |
| 2013-14 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 16 എണ്ണം 2.5, 2.6, 2.7, 3.1, 3.2, 3.3, 3.4, 3.5, 3.7, 3.10, 3.11, 3,19, 3.20 |
| 2014-15 | കെഎസ്എ റ്റിവിഎം/ജിപി 1/1186/18 തീയതി 05.07.2018 | 22 എണ്ണം 2.1, 2.2, 2.3, 2.5, 2.6, 2.7, 2.8, 2.9, 2.10, 2.11, 2.12, 2.13, 2.14, 3.1, 3.2, 3.3, 3.4, 3.9, 3.10, 3.12, 3.13, 3.14 |
| 2015-16 | കെഎസ്എ റ്റിവിഎം ജിപി 1/2157/17 തീയതി 26.10.2017 | 7എണ്ണം 2(2), 2(3), 3(1), 3(2), 3-3, 3(4), 3(7) |
| 2016-17 | കെഎസ്എ റ്റിവിഎം ജിപി 1/1657(എ)/ 17 തീയതി 09.02.2018 | 7എണ്ണം 2(2), 2(3), 2(4), 3(1), 3(2), 3(3), 3(4) |
| 2017-18 | കെഎസ്എ റ്റിവിഎം ജിപി 1/110/19 തീയതി 26.03.2019 | 7എണ്ണം |
| 2018-19 | കെ.എസ്.എ/റ്റി.വി.എം/ജി.പി.1/ 1110/2020. തീയതി 12.11.2020 | 24 എണ്ണം |
| 2019-20 | കെ.എസ്.എ/റ്റി.വി.എം718ജി.പി.1/2021 തീയതി 15.04.2021 | |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്